പതിന്നാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 6779 04/04/2018 ൽ മറുപടിക്ക്

**കോഴഞ്ചേരി താലൂക്ക് ആഫീസിൽ സമർപ്പിച്ച പോക്കുവരവ് അപ്പീൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ജമമാറ്റം സംബന്ധിച്ച അപേക്ഷയിന്മേൽ അനുബന്ധ ആധാരപ്രകാരമുള്ള റീ സർവ്വേ നമ്പർ, കൈവശാവകാശം, വിസ്തീർണ്ണം ആയവ കൃത്യമായി ബോദ്ധ്യപ്പെട്ട് നടപടി സ്വീകരിക്കുന്നതിനുള്ള ചുമതല ഏതെല്ലാം റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കുന്നു എന്നറിയിക്കാമോ; | (എ) വില്ലേജാഫീസർ, തഹസീൽദാർ (ഭൂരേഖ) |
| (ബി) ഇത്തരത്തിൽ കൃത്യമായ തിട്ടപ്പെടുത്തലിന്റെ അഭാവത്താൽ സംജാതമാകുന്ന റവന്യൂ റിക്കാർഡിലുള്ള പിശകുകൾ ശ്രദ്ധയിൽപ്പെട്ടത്തിയാൽ ആയത് യഥാസമയം പരിഹരിക്കുന്നതിനുള്ള ഉത്തരവാദിത്വം അനുബന്ധ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണോ; | (ബി) അവകാശ തർക്കം, കോടതിമുഖാന്തിരം പരിഹരിക്കേണ്ടവ ഒഴിച്ചുള്ളവയ്ക്ക് അനുബന്ധ ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്വം ഉണ്ട്. |
| (സി) കോഴഞ്ചേരി താലൂക്ക് ആഫീസിൽ 18.04.2017-ാം തീയതി H2-5910 നമ്പർ ആയി സമർപ്പിച്ച പോക്കുവരവ് അപ്പീൽ അപേക്ഷയിന്മേൽ നാളിതുവരെ നടത്തിയ തുടർ നടപടിയുടെ വിശദാംശം അറിയിക്കുമോ; | (സി) കോഴഞ്ചേരി താലൂക്ക് ആഫീസിൽ ശ്രീമതി. രജനി 18.04.2017-ാം തീയതി സമർപ്പിച്ച പോക്കുവരവ് അപ്പീൽ അപേക്ഷ 21/04/2017 ന് വിശദമായ റിപ്പോർട്ടിനായി വില്ലേജാഫീസർക്ക് നിർദ്ദേശം നൽകുകയും, 02/08/2017 ൽ പോക്കുവരവ് ഫയൽ സഹിതം റിപ്പോർട്ട് ലഭ്യമായിട്ടുമുണ്ട്. ആയതിന്മേൽ 30/10/2017 ൽ കക്ഷികളെ നേരിൽ കേൾക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഹിയറിംഗിന് ആരും ഹാജരായിരുന്നില്ല. ശ്രീമതി.രജനി ഹിയറിംഗിന് ഹാജരാകുന്നതിന് അസൗകര്യമുണ്ടെന്ന് അറിയിച്ചിരുന്നു. വീണ്ടും ഹിയറിംഗിന് 28/12/2017 |

ൽ തീയതി നിശ്ചയിച്ചു. വിദേശത്ത് പോകേണ്ടതിനാൽ എതിർ കക്ഷിയായ ശ്രീ.സുരേഷ് 24/11/2017 ന് ഹാജരായി മൊഴി സമർപ്പിക്കുകയും 7.70 ആർ സ്ഥലത്തിൽ 4.05 ആർ സ്ഥലം മാത്രം ശ്രീമതി.രജനിയ്ക്ക് നൽകാൻ സമ്മതമാണെന്ന് മൊഴി നൽകുകയും ചെയ്തിട്ടുണ്ട്. അപേക്ഷക ഹിയറിംഗിന് ഹാജരായിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് സത്വര നടപടിക്കായി നിയമസഭാ സാമാജികൻ നൽകിയ അപേക്ഷാ തീർപ്പിനായുള്ള കത്തിന്മേൽ ഉണ്ടായിട്ടുള്ള കാലവിളംബം പരിശോധിക്കുമോ;

(ഡി) സഹോദരങ്ങൾ തമ്മിലുള്ള അവകാശത്തർക്കം കോടതി മുഖേനയേ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാലാണ് കാലവിളംബം ഉണ്ടായിട്ടുള്ളത്.

(ഇ) ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വരുത്തിയിട്ടുള്ള വീഴ്ചമൂലം ഉണ്ടായ റവന്യൂ കാർഡുകളിലെ പിശക് തിരുത്തി അനുബന്ധ അപേക്ഷാ തീർപ്പ് സാധ്യമാക്കുന്നതിനുവേണ്ടി സത്വര നടപടി സ്വീകരിക്കുമോ?

(ഇ) പ്രസ്തുത വിഷയം കോടതി മുഖേന പരിഹരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ